# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5392   06.07.2012-ലെ മറുപടിക്ക്

## കഡാബർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കഡാബർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിയിൽ പറയുന്ന അവയവമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (എ) മസ്തിഷ്ക മരണം സംഭവിക്കുന്നവരിൽ നിന്നും അവയവങ്ങൾ നീക്കം ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ/സ്വകാര്യ ആശുപത്രികൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും അവയവ സ്വീകർത്താക്കൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും ജി.ഒ.(എം.എസ്) നം. 36/2012/ആ.കു.വ. തീയതി 04.02.2012, ജി.ഒ. (എം.എസ്) നം. 37/2012/ആ.കു.വ. തീയതി 04.02.2012, ജി.ഒ.(എം.എസ്) നം. 38/2012/ആ.കു.വ. തീയതി 04.02.2012, ജി.ഒ. (എം.എസ്) നം. 39/2012/ആ.കു.വ. തീയതി 04.02.2012 എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനും അതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതിനും സംസ്ഥാനത്തെ എന്തെല്ലാം ആശുപത്രികളിൽ സൗകര്യമുണ്ട് ; വിശദവിവരം നൽകുമോ ; | (ബി) മസ്തിഷ്ക മരണം സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 4.2.2012 ലെ GO(MS) No. 36/2012/H&FWD ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും സ്വകാര്യ മേഖലയിലെ മൾട്ടിസൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിലും ലഭ്യമാണ്. |
| (സി) ഇതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ഘടനയുടെ വിശദവിവരം ലഭ്യമാക്കുമോ ? | (സി) വിദഗ്ദ്ധ സമിതിയുടെ ഘടന വിശദമായി 4.2.2012-ലെ GO(MS) No. 36/2012/ H&FWD ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ